(ബി) പതിമററം കോളനിയിൽ ആർ. എൽ. ഇ. ജി. പി. യിൽ വീടു പണിയാൻ 1985-86-ലെ പ്രോജക്ടിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണന്റെ പെൻഷൻ

1341. [1813] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ കൽപററ ബ്ലോക്കാഫീസിൽ പ്യൂൺ ആയി ജോലി നോക്കി കൊണ്ടിരിക്കെ 18-2-1981-ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ (പി. ഒ.) കണിയാംകണ്ട് വീട്ടിൽ കെ കൃഷ്ണൻ എന്നയാൾ തനിക്ക് പെൻഷൻ ലഭിക്കേണ്ടത് സംബന്ധിച്ച് 24-5-1981-ൽ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയ്ക്ക് അയച്ച ഹർജിയിൽ മേൽ തീർപ്പു കൽപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഹർജിയിൽ മേൽ അടിയന്തിരമായി തീർപ്പ് കൽപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ശ്രീമാൻ. കെ. കൃഷ്ണനു പെൻഷൻ നൽകുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ വയനാട് ജില്ലാകളക്ടർ 24-6-1985-ൽ തിരുവനന്തപുരത്തുള്ള അക്കൗണ്ടൻറ് ജനറലിനു അയച്ചിട്ടുണ്ട്.

ശ്രീമതി പി. ഗോമതിക്കുട്ടിയുടെ സ്ഥലം മാറ്റം

1342. [1814] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നുമ്മൽ വികസന ബ്ലോക്കിൽ മുഖ്യ സേവികയായി 7-11-1977 മുതൽ ജോലി ചെയ്യുന്ന ശ്രീമതി പി. ഗോമതി കുട്ടിയുടെ സ്ഥലം മാറ്റത്തിനു വേണ്ടിയുള്ള അപേക്ഷ നിലവിലുണ്ടോ ;

(ബി) അതിൻമേൽ എന്തു തീരുമാനമെടുത്തു ;

(സി) അവർക്കു സ്ഥലം മാറ്റം ഡിപ്പാർട്ടുമെൻറ് ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഡി) ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി) അപേക്ഷ പരിഗണനയിലാണ്.

പി. എസ്. സി. മുഖേന വി. ഇ. ഒ. മാരായി തെരഞ്ഞെടുത്തവർ

1343. [1815] ശ്രീ. കെ. ടി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ട്രെയിനിംഗ് നൽകി നിയമിക്കുന്നതിലുള്ള കാലതാമസം എന്തുകൊണ്ടാണ് ;

(ബി) എത്രയും വേഗം വി. ഇ. ഒ. മാരായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ട്രെയിനിംഗ് നൽകി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly